വെണ്ണിക്കുളം ശാലേം മാർത്തോമ്മ ഇടവക

## രണ്ടാമത്
## കച്ചുകുഴിയിൽ കെ.ടി. ബഹനാൻ കശീശ
# സ്മാരക പ്രഭാഷണം

**22.02.2015, ഞായറാഴ്ച 10.30 a.m**
**വെണ്ണിക്കുളം ശാലേം മാർത്തോമ്മ പള്ളി**



**പ്രഭാഷണം:**
**സുപ്രീം കോടതി**
**മുൻ ജഡ്ജി പത്മഭൂഷൺ**
**ജസ്റ്റിസ് കെ.ടി.തോമസ്**

പ്രിയരെ,

മാർത്തോമ്മ സുവിശേഷ പ്രസംഗസംഘത്തിന്റെ പ്രഥമ പ്രസിഡന്റും മധ്യതിരുവിതാംകൂറിലെ നിരവധി മാർത്തോമ്മ ദേവാലയങ്ങളുടെ സ്ഥാപകനുമായ കച്ചുകുഴിയിൽ കെ.ടി. ബഹനാൻ കശീശയുടെ സ്മരണയ്ക്കായി നടത്തുന്ന വാർഷിക പ്രഭാഷണം **ഫെബ്രുവരി 22, ഞായറാഴ്ച രാവിലെ 10.30ന് വെണ്ണിക്കുളം ശാലേം മാർത്തോമ്മാ പള്ളി**യിൽ നടക്കും.

നീതിന്യായരംഗത്തെ സൂര്യതേജസ്, നിലപാടുകളിലെ കാർക്കശ്യക്കാരൻ, മാർത്തോമ്മാ സഭയുടെ അഭിമാനം സുപ്രീം കോടതി മുൻ ജഡ്ജി **പത്മഭൂഷൺ ജസ്റ്റിസ് കെ.ടി.തോമസ്** പ്രഭാഷണം നടത്തും. രാവിലെ 8.30ന് വിശുദ്ധ കുർബാനയ്ക്ക് മാർത്തോമ്മ സുവിശേഷപ്രസംഗസംഘ ജനറൽ സെക്രട്ടറി **റവ. ജോർജ് വർഗീസ് പുന്നയ്ക്കാട്** നേതൃത്വം നൽകും. പ്രസ്തുത പരിപാടിയിലേക്ക് ഏവരുടേയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

ഇടവകയ്ക്കുവേണ്ടി,

**റവ. ജോസഫ് മാത്യു** (വികാരി)
**ഉമ്മൻ നൈനാൻ** (വൈസ് പ്രസിഡന്റ്)
**റോണി എം. സ്കറിയ** (സെക്രട്ടറി)
**ഷിജു സ്കറിയ** (ട്രസ്റ്റി)
**വർഗീസ് തോമസ്** (കോ-ട്രസ്റ്റി)



കച്ചുകുഴിയിൽ തൊമ്മി വർഗീസിന്റെയും കാണ്ടമ്മയുടെയും മകനായി 1863ൽ ജൂൺ17-ന് ആയിരുന്നു കച്ചുകുഴിയിലച്ചൻ എന്ന കെ.ടി. ബഹനാൻ കശീശയുടെ ജനനം. 19-ാം വയസിൽ പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസിൽ നിന്ന് പട്ടത്വം സ്വീകരിച്ചു. നവീകരണ കാലഘട്ടത്തിൽ മാർത്തോമ്മ സഭയെ ധീരമായി നയിച്ച കച്ചുകുഴിയിൽ കെ.ടി. ബഹനാൻ കശീശ 1890 മുതൽ 1922 വരെ മാർത്തോമ്മ സുവിശേഷ പ്രസംഗ സംഘം പ്രസിഡന്റായി പ്രവർത്തിച്ചു.

വെണ്ണിക്കുളം ശാലേം മാർത്തോമ്മ, മല്ലപ്പള്ളി പരിയാരം സെന്റ് ആൻഡ്രൂസ്, ആനിക്കാട് സെന്റ് തോമസ്, പുന്നവേലി സെന്റ് തോമസ്, വെള്ളാറ എബനേസർ, തുരുത്തിക്കാട് മാർത്തോമ്മ, കീഴ്വായ്പൂര് സെന്റ് തോമസ്, തോണിപ്പാറ ഇമ്മാനുവേൽ, തെള്ളിയൂർ ക്രിസ്തോസ് തുടങ്ങിയ ദേവാലയങ്ങളുടെ സ്ഥാപകനുമാണ്.

വൈദിക സേവനത്തിനു പുറമെ കണ്ണുവൈദ്യൻ, കരകൗശല വിദഗ്ദ്ധൻ, സാമൂഹിക പരിഷ്കർത്താവ് തുടങ്ങിയ മേഖലകളിലും ബഹനാൻ കശീശയുടെ ജീവിതം നിറഞ്ഞു നിന്നു. സുറിയാനിയിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന കച്ചുകുഴിയിലച്ചൻ വൈദിക വിദ്യാർഥികൾക്ക് മികച്ച ഒരു അധ്യാപകനുമായിരുന്നു. തീത്തൂസ് പ്രഥമൻ മാർത്തോമ്മ മെത്രാപ്പൊലീത്ത ഉൾപ്പെടെ പിൽക്കാലത്ത് സഭയെ നയിച്ച നിരവധി പേർ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ ഉൾപ്പെട്ടിരുന്നു.

ഗ്രാമങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനും റോഡുകൾ നിർമിക്കുന്നതിനും ദേശാഭിവൃദ്ധസംഘം എന്ന സംഘടന കച്ചുകഴിയിലച്ചന്റെ നേതൃത്വത്തിൽ സ്ഥാപിച്ചു. മല്ലപ്പള്ളി, തിരുവല്ല താലൂക്കിൽ പിൽക്കാലത്ത് സ്ഥാപിതമായ നിരവധി സാമൂഹിക സേവന സംഘടനകൾക്ക് പ്രചോദനവും ദേശാഭിവൃദ്ധസംഘമായിരുന്നു.മഹാകവി വെണ്ണിക്കുളം ഗോപാലകുറുപ്പ് ഉൾപ്പെടെയുള്ളവരുമായി സൗഹൃദം പുലർത്തിയ കച്ചുകുഴിയിലച്ചൻ മതസൗഹാർദ്ദ പ്രവർത്തനങ്ങളിലും മുൻനിരയിലായിരുന്നു.